12654
21/7/18

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം – ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2018-19) – ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 67/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23.06.2018.

=====================================================================

പരാമർശം :- 1. സ.ഉ. (പി) നം. 24/2017/ധന., തീയതി 21.02.2017.
2. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നും ലഭ്യമായ 27.04.2018-ലെ 11014/35/2017-ബി.സി-ഐ നമ്പർ കത്ത്.
3. ധനകാര്യ വകുപ്പിന്റെ 05.05.2018 -ലെ പി.എൽ.ജി-എ 3-24/2018-ധന. നമ്പർ കുറിപ്പ്.

**ഉത്തരവ്**

പോസ്റ്റ് മെട്രിക്കുലേഷൻ തലത്തിൽ പഠിക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃത പദ്ധതി) അഥവാ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി.

2. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (2018-19) പദ്ധതിക്കായി 2225-03-277-96-34 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), (2) പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി 2133.75 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ അനുവദിച്ച 21,33,75,000/- രൂപ (21 കോടി 33 ലക്ഷത്തി എഴുപത്തിയയ്യായിരം രൂപ മാത്രം) ചെലവ് പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയിൽ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2018-19) പരാമർശം 1-ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [പി.എൽ.ജി-എ 3-24/2018-ധന. 05.05.2018-ലെ കുറിപ്പ്]

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരി
ക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.